# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2308** 18.06.2014-ൽ മറുപടിക്ക്

## ഹെൽത്ത് ഒബ്സർവേറ്ററി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, വർക്കല കഹാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പഠിക്കാനും നിയന്ത്രിക്കാനുമുള്ള ഹെൽത്ത് ഒബ്സർവേറ്ററി പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ആളുകളെ ഉൾപ്പെടുത്തി സർവ്വേ നടത്താനായിരുന്നു ലക്ഷ്യം ; | (എ) ജീവിതശൈലീ രോഗങ്ങളും പകർച്ച വ്യാധികളും നമ്മുടെ ജനങ്ങളെ എത്ര ശതമാനം ബാധിക്കുന്നു വെന്നും ഇത് ഉണ്ടാകുവാൻ കാരണമായ ജീവിത സാഹചര്യങ്ങളെക്കുറിച്ചും ഒരു ഏകദേശ രൂപം തയ്യാറാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് കേരള ഹെൽത്ത് ഒബ്സർവേറ്ററി ആന്റ് ബേസിക് സർവൈലൻസ് എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ 14 ജില്ലകളിലും, നഗര/ഗ്രാമീണ മേഖലകളിൽ എല്ലാ വിഭാഗം ജനങ്ങളുടേയും രോഗവിവരങ്ങൾ ചോദ്യോത്തര മാതൃകയിൽ ശേഖരിച്ച്, അതിൽ നിന്നും വിവിധ രോഗങ്ങളെക്കുറിച്ചും അവ ഉണ്ടാക്കാവുന്ന കാരണങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും അപഗ്രഥനം നടത്തുക, അതിനനുസരിച്ച് പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി. ഇതിൽ 10 ലക്ഷം ജനങ്ങളെ പങ്കാളികളാക്കുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. |
| (ബി) സാധ്യതാ പഠനത്തിനായി എത്ര കുടുംബങ്ങളിൽ ഇതുവരെ സർവ്വേ നടത്തി ; | (ബി) സാധ്യതാ പഠനത്തിനായി 55 (അൻപത്തി അഞ്ച്) കുടുംബങ്ങൾ ഉൾപ്പെടുന്ന അർബൻ ക്ലസ്റ്ററും റൂറൽ ക്ലസ്റ്ററും ഉൾപ്പെടുന്ന ഒരു ജില്ലയിൽ 110 (നൂറ്റിപത്ത്) വീടുകളിലാണ് സർവ്വേ നടന്നത്. കേരളത്തിൽ 1550 (ആയിരത്തി അഞ്ഞൂറ്റി അൻപത്) കുടുംബങ്ങളിൽ ഏകദേശം 6000 -ഓളം (ആറായിരത്തോളം) ജനങ്ങളെ സർവ്വേയിൽ ഉൾപ്പെടുത്തി. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് മനുഷ്യനിൽ ഏതെങ്കിലും മരുന്നിന്റെ പരീക്ഷണം നടത്തിയിട്ടുണ്ടോ ; ശരീരകോശത്തിന്റെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ടോ ; | (സി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും മരുന്നിന്റെ പരീക്ഷണമോ, പ്രോത്സാഹനമോ ഒരു ഘട്ടത്തിലും നടത്തിയിട്ടില്ല. ഇത് ചോദ്യോത്തര രീതിയിലുള്ള സർവ്വേ ആണ്. രോഗികൾ പറയുന്ന ഉത്തരങ്ങൾ ടാബലറ്റ് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി, ഈ വിവരങ്ങൾ സൂക്ഷിക്കുക മാത്രമാണ് ചെയ്തു വരുന്നത്. ഒരു ശരീര കോശത്തിന്റേയും സാമ്പിളുകൾ ശേഖരിക്കുകയോ, പഠനങ്ങളോ, പരീക്ഷണങ്ങളോ നടത്തുകയും ചെയ്തിട്ടില്ല. |
| (ഡി) | സാധ്യതാ പഠനത്തിന് ചെലവായ തുക ആരാണ് വഹിച്ചിട്ടുള്ളത് ? | (ഡി) | സാധ്യതാ പഠനത്തിന് ചിലവായ തുക സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ (എസ്.എച്ച്.എസ്.ആർ.സി) ആണ് വഹിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ